## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.05.2026** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ സിക്കിം സന്ദർശനം തുടരുന്നു. സിക്കിം പോലീസിന് ഇന്ന് പ്രസിഡൻറസ് പോലീസ് കളർ സമ്മാനിക്കും

**President Droupadi Murmu will confer the prestigious President's Police Colour to the Sikkim Police.**

2. സ്വച്ച് ഭാരത് മിഷൻ 2.0 മികച്ചരീതിയിൽ നടപ്പാക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന 51-ാമത് പ്രഗതി യോഗത്തിൽ പ്രധാനമന്ത്രി പങ്കെടുത്തു

**Prime Minister Narendra Modi has emphasised the need for effective implementation of Swachh Bharat Mission 2.0.**
**PM Chaired the 51st PRAGATI Meeting in New Delhi.**

3. ഏകീകൃത സിവിൽ കോഡ് ബിൽ അസം നിയമസഭ പാസാക്കി. ഈ നേട്ടം കൈവരിക്കുന്ന രാജ്യത്തെ മൂന്നാമത്തെ സംസ്ഥാനമായി അസം മാറി.

**Assam Assembly passes Uniform Civil Code Bill, becoming third state in the country to adopt the legislation.**

4. **മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരത്തെ വസതിയിലെ പരിശോധനയ്ക്ക് ശേഷം മടങ്ങിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ 7 പേർ പിടിയിൽ.**

**Seven people have been arrested in connection with the attack on ED officials after they returned from a search conducted at former Chief Minister of Keralam Pinarayi Vijayan's residence in Thiruvananthapuram.**

5. **ത്യാഗസ്മരണകൾ പുതുക്കി ഇസ്ലാംമത വിശ്വാസികൾ ഇന്ന് ബലി പെരുന്നാൾ ആഘോഷിക്കുന്നു. ആശംസകൾ നേർന്ന് പ്രമുഖർ.**

**Marking the spirit of sacrifice Eid-Uz-Zuha is being celebrated today. Prominent personalities extended greetings on the occasion.**

6. **ഐപിഎൽ ക്രിക്കറ്റിൽ ആദ്യ എലിമിനേറ്റർ മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദിനെതിരെ രാജസ്ഥാന് 47 റൺ ജയം.**

**In the first eliminator match of Indian Premier League, Rajasthan Royals defeated Sunrisers Hyderabad by 47 runs.**

## PREZ - SIKKIM

പ്രസിഡൻറസ് പോലീസ് കളർ രാഷ്ട്രപതി ദ്രൗപതി മുർമു സിക്കിം പോലീസിന് സമ്മാനിക്കും. ഗാങ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്ന പരേഡിൽ 400 പേരടങ്ങുന്ന പോലീസ് സംഘം പങ്കെടുക്കും. പുരസ്കാരം ലഭിക്കുന്ന രാജ്യത്തെ 15-ാമത്തെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മൂന്നാമത്തെയും സംസ്ഥാനമാണ് സിക്കിം.

## PM – PRAGATI

സ്വച്ച് ഭാരത് മിഷൻ 2.0 മികച്ചരീതിയിൽ നടപ്പാക്കേണ്ടതിന്റെ ആവശ്യം എടുത്തുപറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോദി. കേവലം അടിസ്ഥാന സൗകര്യ വികസനത്തിന് അപ്പുറം, പൊതുജന പങ്കാളിത്തം, നിരീക്ഷണം അടക്കമുള്ളവ യിൽ കൂടെ മികച്ച ഫലം ഉണ്ടാകുന്നുണ്ട് എന്ന് ഉറപ്പാക്കണം എന്നും

അദ്ദേഹം ന്യൂഡൽഹിയിൽ ചേർന്ന 51-ാമത് പ്രഗതി യോഗത്തിൽ പറഞ്ഞു. നഗരമേഖലകളിൽ പുരപ്പുര സോളാർ പദ്ധതികൾ വേഗത്തിൽ നടപ്പാക്കണം എന്ന് നിർദേശിച്ച പ്രധാനമന്ത്രി പരസ്പര സഹകരണത്തിലൂടെയും, സാങ്കേതിക വിദ്യ അധിഷ്ഠിത വിലയിരുത്തലിലൂടെയും നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിന് കെൻ-ബെത്വ നദീ സംയോജന പദ്ധതിയെ മറ്റു സംസ്ഥാനങ്ങൾ മാതൃകയാക്കണം എന്നും അഭിപ്രായപ്പെട്ടു.

## CABINET

രാജ്യത്തെ റേഷൻ പൊതുവിതരണവുമായി ബന്ധപ്പെട്ട സാർത്ഥക്-പിഡിഎസ് പദ്ധതി ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനം. സംസ്ഥാന ങ്ങൾക്കിടയിലെ ഭക്ഷ്യധാന്യ കൈമാറ്റം ഫലപ്രദമാക്കുന്നതിനും, പൊതു വിതരണ സംവിധാനത്തിന്റെ നവീകരണത്തിനും, പദ്ധതി സഹായി ക്കുമെന്ന് മന്ത്രിസഭ യോഗത്തിന് ശേഷം, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹി യിൽ മാധ്യമങ്ങളോട് പറഞ്ഞു. 25,530 കോടി രൂപയുടെ കേന്ദ്ര വിഹിതം പദ്ധതിക്കായി അനുവദിക്കും. നിർമ്മൽ, ആശ, സക്ഷം എന്നീ നിർമിത ബുദ്ധി ഘടകങ്ങൾ സാർത്ഥക്-പിഡിഎസിൽ ഉൾപ്പെടുത്തുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## PRADHAN-NEET UG RE-EXAM

നീറ്റ്-യുജി പുനഃപരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ അവലോകനം ചെയ്തു. ഉന്നതാധികാര സമിതി അധ്യക്ഷനു മായും ശ്രീ പ്രധാൻ കൂടിക്കാഴ്ച നടത്തി. പരീക്ഷയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എൻടിഎ ഡയറക്ടർ ജനറൽ വിശദീകരിച്ചു. രാജ്യത്തുടനീളം 5,400 പരീക്ഷാ കേന്ദ്രങ്ങളിൽ ജൂൺ 21 നാണ് നീറ്റ്-യുജി പുനഃപരീക്ഷ നടക്കുന്നത്.

## CBSE CLARIFICATION

ഹൈദരാബാദ് ആസ്ഥാനമായുള്ള കോംപ്റ്റ് എഡ്യൂടെക്കിന് പരീക്ഷാ കരാർ നൽകിയതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സി ബി എസ് ഇ തള്ളി. ആരോപണങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും വസ്തുതകളെ അടിസ്ഥാന മാക്കിയുള്ളതല്ലെന്നും സിബിഎസ്ഇ സാമൂഹ്യ മാധ്യമകുറിപ്പിൽ വ്യക്തമാക്കി.

ഏജൻസിക്ക് കരാർ നൽകുന്നതിൽ പ്രോട്ടോക്കോളുകൾ സൂക്ഷ്മമായി പാലിച്ചിട്ടുണ്ടെന്നും ബോർഡ് അറിയിച്ചു.

## NCW - MUSLIM WOMEN

രാജ്യത്തെ മുസ്ലിം സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിച്ച സമഗ്ര ശിപാർശ റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ച് ദേശീയ വനിതാ കമ്മീഷൻ. ആഭ്യന്തര മന്ത്രാലയം, വനിത-ശിശുവികസന, ന്യൂനപക്ഷ മന്ത്രാലയങ്ങൾ എന്നിവർക്കാണ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. വിവാഹം, പിന്തുടർച്ച അവകാശം, വിവാഹമോചനം അടക്കമുള്ളവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ റിപ്പോർട്ടിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

## JAISHANKAR-CYPRUS

യൂറോപ്യൻ യൂണിയൻ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ സൈപ്രസിൽ എത്തി. യൂറോപ്യൻ കമ്മീഷൻ വൈസ് പ്രസിഡന്റ് കാജ കല്ലാസിനും സൈപ്രസ് വിദേശകാര്യ മന്ത്രി ഡോ. കോൺസ്റ്റാന്റിനോസ് കോംബോസിനും ക്ഷണത്തിന് നന്ദി പറയുന്നതായി എസ്. ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. കഴിഞ്ഞ ദിവസം യുക്രേനിയൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹയുമായും ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തി.

## NDA - 12 YEARS

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ 12 വർഷം പൂർത്തിയാക്കി. 2014 മെയ് 26 നാണ് ശ്രീ നരേന്ദ്രമോദി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. കേന്ദ്രമന്ത്രിമാരും രാഷ്ട്രീയ - സാംസ്കാരിക രംഗത്തെ പ്രമുഖരും പ്രധാനമന്ത്രിക്ക് ആശംസകൾ അറിയിച്ചു.

## BENEFICIARY - (INTRO)

കഴിഞ്ഞ 12 വർഷങ്ങളിൽ വിവിധ മേഖലകളിലായി നിരവധി ക്ഷേമ പദ്ധതികളാണ് കേന്ദ്ര സർക്കാർ നടപ്പാക്കിയത്. പ്രധാൻമന്ത്രി ആവാസ് യോജനാ

പദ്ധതിയിലൂടെ വീട് ലഭിച്ചതിൻറെ സന്തോഷം പത്തനംതിട്ട ഓമല്ലൂർ സ്വദേശി രജനി ആകാശവാണി വാർത്തകളോട് പങ്കുവെക്കുന്നു.

(ബെനിഫിഷ്യറി വോയിസ്)

# MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തിലേക്ക് നാളെ കൂടി ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, നമോ ആപ്പ്, My gov ഓപ്പൺ ഫോറം എന്നിവയിലൂടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്. ഈ മാസം 31-നാണ് മൻ കി ബാത്തിൻറെ 134-ാാം പതിപ്പിൻറെ പ്രക്ഷേപണം.

# ASSAM UCC

ഏകീകൃത സിവിൽ കോഡ് ബിൽ അസം നിയമസഭ പാസാക്കി. ഇതോടെ വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളിൽ ഈ നേട്ടം കൈവരിക്കുന്ന ആദ്യ സംസ്ഥാനവും രാജ്യത്ത് മൂന്നാം സ്ഥാനവും അസം സ്വന്തമാക്കി. അസമിൽ വിവാഹം, വിവാഹമോചനം, അവകാശ പാരമ്പര്യം, തുടങ്ങിയവയിൽ ഏകീകൃത സിവിൽ നിയമചട്ടക്കൂട് സ്ഥാപിക്കുകയെന്നതാണ് ബില്ലിന്റെ ലക്ഷ്യം. ഭരണഘടനാ പരിരക്ഷകളും ആചാരപരമായ രീതികളും സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗങ്ങളെ ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

# KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ നടക്കും. ജൂൺ ഒന്നു മുതൽ മൂന്നുവരെ ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് മേലുള്ള ചർച്ചയും ഉണ്ടാകും.

## ED RAID

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരത്തെ വസതിയിൽ റെയ്ഡ് കഴിഞ്ഞിറങ്ങിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ 7 പേർ പിടിയിൽ. വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. സിഎംആർഎൽ-എക്സാലോജിക് സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട കേസിൽ നിർണായകമായ രേഖകൾ പിടിച്ചെടുത്ത തായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറിയിച്ചു. റെയ്ഡുകളിൽ വിവിധ നിക്ഷേപങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ബാങ്കിലെ സ്ഥിര നിക്ഷേപ രേഖകളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ഇഡി പുറത്തിറക്കിയ വാർത്താകുറിപ്പിൽ പറയുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## BAKRID (INTRO)

ത്യാഗസ്മരണകൾ പുതുക്കി ഇസ്ലാംമത വിശ്വാസികൾ ഇന്ന് ബലി പെരുന്നാൾ ആഘോഷിക്കുന്നു. പ്രവാചകനായ ഇബ്രാഹിം നബി, ആദ്യ പുത്രനായ ഇസ്മായിലിനെ ദൈവകൽപന മാനിച്ച് ബലി അർപ്പിക്കാൻ സന്നദ്ധ നായതിൻറെ ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ. രാവിലെ മുതൽ പള്ളികളും ഈദ് ഗാഹുകളും കേന്ദ്രീകരിച്ച് നമസ്കാരവും പ്രത്യേക പ്രാർഥനയും നടക്കുന്നു. മഴസാധ്യത മുൻനിർത്തി കോഴിക്കോട് ബീച്ചിലെ ഈദ് ഗാഹ് ഒഴിവാക്കിയിട്ടുണ്ട്.

**ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്**

**(വോയിസ് )**

രാഷ്ട്രപതി ദ്രൗപദി മുർമു, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവർ ബക്രീദ് ആശംസകൾ നേർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ABDUL RAHIM – SAUDI

ഇരുപത് വർഷക്കാലത്തെ ജയിൽ വാസത്തിന് ശേഷം കോഴിക്കോട് സ്വദേശി അബ്ദുൽ റഹീം മോചിതനായി ഇന്ന് നാട്ടിലേക്ക് തിരിക്കും. റിയാദിൽ നിന്നും കോഴിക്കോട്ടേക്ക് പുറപ്പെടുന്ന എയർ ഇന്ത്യ എക്സ്പ്രസ്സിൽ അൽപസമയത്തിനകം അദ്ദേഹം കരിപ്പൂർ വിമാനത്താവളത്തിലെത്തും.

ജയിൽ ഉദ്യോഗസ്ഥരാണ് റഹീമിനെ വിമാനത്താവളത്തിൽ എത്തിച്ച് എമിഗ്രേഷൻ ഉൾപ്പടെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയത്.

## KANNUR -EZHIMALA (INTRO)

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് അല്പസമയത്തിനകം ആരംഭിക്കും. അക്കാദമി ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ ദക്ഷിണ നാവിക സേന കമാന്റിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന മുഖ്യാതിഥി യാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ.**

(**VOICE**)

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന എലിമിനേറ്റർ മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദിനെതിരെ രാജസ്ഥാന് 47 റൺ വിജയം. 244 റൺ വിജയലക്ഷ്യവുമായി മറുപടി ബാറ്റിംഗിനിറങ്ങിയ ഹൈദരാബാദ് 19.2 ഓവറിൽ 196 റണ്ണിന് എല്ലാവരും പുറത്താവുകയായിരുന്നു. നാളെ നടക്കുന്ന രണ്ടാം ക്വാളിഫയറിൽ രാജസ്ഥാൻ ഗുജറാത്തിനെ നേരിടും. ഞായറാഴ്ച അഹമ്മദാബാദിലാണ് ഫൈനൽ മത്സരം.